"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

നം:ഡി.ഡി.2/253/2022/ത.സ്വ.ഭ.വ

തദ്ദേശ സ്വയംഭരണ (ഡി.ഡി.) വകുപ്പ്
തിരുവനന്തപുരം,
തീയതി: 22-11-2022

## സർക്കുലർ

വിഷയം:- തദ്ദേശസ്വയംഭരണവകുപ്പ്-മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് കോടതികളിൽ ഫയൽ ചെയ്യപ്പെടുന്ന ഹർജികളിൽ ഗ്രാമ പഞ്ചായത്തുകൾ സ്റ്റേറ്റ്മെന്റ് ഓഫ് ഫാക്ട്സ് സമർപ്പിക്കുമ്പോൾ ബന്ധപ്പെട്ട ബി.പി.ഒ./ഡി.പി.സി. യുടെ അഭിപ്രായം തേടുന്നത് - സംബന്ധിച്ച്.

സൂചന :- ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 30.09.2022-ലെ NREGA/293/2022-D1 നമ്പർ കത്ത്

************************

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് വ്യക്തികളും സ്ഥാപനങ്ങളും സംഘടനകളും ഹർജിക്കാരായുള്ള നിരവധി കേസുകൾ വിവിധ തലങ്ങളിലുള്ള കോടതികളിൽ ഫയൽ ചെയ്യപ്പെടുന്നുണ്ട്. പദ്ധതിയുടെ പ്രാഥമിക നിർവ്വഹണച്ചുമതല സംസ്ഥാനത്തെ ഗ്രാമ പഞ്ചായത്തുകൾക്ക് ആയതിനാൽ വലിയൊരു ശതമാനം കേസുകളിലും മുഖ്യ എതിർകക്ഷി ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തുകളായിരിക്കും. ഇത്തരം കേസുകളുമായി ബന്ധപ്പെട്ട് അതാത് പഞ്ചായത്തുകൾ സ്വീകരിക്കുന്ന നടപടികളും കോടതി മുൻപാകെ സമർപ്പിക്കുന്ന സത്യവാങ്മൂലങ്ങളും സർക്കാർ താല്പര്യം കൂടി കണക്കിലെടുക്കാതെ ഉള്ളവ ആകുന്ന സാഹചര്യത്തിൽ പ്രതികൂല കോടതി വിധികൾ മൂലം സർക്കാരിന് ധനനഷ്ടം ഉണ്ടാകുന്ന സന്ദർഭങ്ങൾ ഉണ്ടാകുന്നുണ്ട്.

2. മേൽ വിവരിച്ച സാഹചര്യത്തിൽ മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് ഫയൽ ചെയ്യപ്പെടുന്ന കേസുകളിൽ കോടതികളിൽ സത്യവാങ്മൂലം സമർപ്പിക്കുന്നതിന് മുൻപായി ഗ്രാമ പഞ്ചായത്തുകൾ തയ്യാറാക്കുന്ന സ്റ്റേറ്റ്മെന്റ് ഓഫ് ഫാക്ട്സ് സംബന്ധിച്ച് ബന്ധപ്പെട്ട ബ്ലോക്ക് പ്രോഗ്രാം ഓഫീസറുടെ/ജില്ലാ പ്രോഗ്രാം കോർഡിനേറ്ററുടെ അഭിപ്രായം തേടേണ്ടതാണ് എന്ന് നിർദ്ദേശിക്കുന്നു. സത്യവാങ്മൂലം നിലവിലെ സർക്കാർ മാനദണ്ഡങ്ങൾ പാലിക്കുന്നതും സർക്കാരിന്റെ താല്പര്യങ്ങൾ സംരക്ഷിക്കുന്ന വിധത്തിലും ഉള്ളവ ആണെന്ന് ടി ബ്ലോക്ക് പ്രോഗ്രാം ഓഫിസർ/ജില്ലാ പ്രോഗ്രാം കോർഡിനേറ്റർ ഉറപ്പ് വരുത്തേണ്ടതും ഇത്തരം സന്ദർഭങ്ങളിൽ, ആവശ്യമെങ്കിൽ, ജില്ലാ ലോ ഓഫീസറുടെ സഹായം തേടാവുന്നതും കേസിൽ കക്ഷി ചേരാവുന്നതും ആണെന്നും അറിയിക്കുന്നു.

ബിജുക്കുട്ടൻ എം എസ്
അഡിഷണൽ സെക്രട്ടറി

ഉത്തരവിൻ പ്രകാരം

Signed by Nisam N
Date: 22-11-2022 15:11:19

സെക്ഷൻ ഓഫീസർ.

പകർപ്പ്

മിഷൻ ഡയറക്ടർ, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ഗ്രാമവികസന കമ്മീഷണർ,തിരുവനന്തപുരം

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

എല്ലാ ജില്ലാ പ്രോഗ്രാം കോർഡിനേറ്റർ/ ജില്ലാ കളക്ടർമാർക്കും

എല്ലാ ഗ്രാമ/ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)

എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്),തിരുവനന്തപുരം

വെബ് & ന്യൂ മീഡിയ, ഐ & പി.ആർ.ഡി.

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

സ്റ്റോക്ക് ഫയൽ